# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ.716 — 29/11/2018 ൽ മറുപടിയ്ക്ക്

## ഓണത്തിനായി കൺസ്യൂമർഫെഡ് സാധനങ്ങൾ വാങ്ങിയ സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ. എൻ.എ .നെല്ലിക്കുന്ന്. | | | മറുപടി<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | ഓണത്തിന് സബ്സിഡി നിരക്കിൽ കൺസ്യൂമർ ഫെഡ് വഴി വിതരണം ചെയ്യാൻ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയതെന്ന് വ്യക്തമാക്കാമോ? | എ) | 2018 ഓണത്തോടനുബന്ധിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യിട്ടുള്ളത്. ടി സാധനങ്ങൾ വാങ്ങിയ സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു<br>1. അബ്ദുൾ ലത്തീഫ് ആന്റ് കമ്പനി<br>2. മരിയൻ സ്പൈസസ്.<br>3. മഹേന്ദ്രകുമാർ അശോക് കുമാർ<br>4. ജോബ്സൺ ആന്റ് കമ്പനി<br>5. സെന്തിൽ ട്രേഡേഴ്സ്<br>6. അരവന്ദർ ട്രേഡേഴ്സ്<br>7. കൊട്ടൂർ എസ്.സി.ബി<br>8. എ.ആർ.ട്രേഡിംഗ് കമ്പനി<br>9. ശ്രീ.വിഗ്നേശ്വര ട്രേഡേഴ്സ്<br>10. കീർത്തി ആഗ്രോമിൽസ്<br>11.ശ്രീ.ആദിശക്തി ട്രേഡേഴ്സ്<br>12.എസ്.എൻ.ഓയിൽ മിൽസ്<br>13.അഞ്ചരക്കണ്ടി എസ്.സി.ബി<br>14.സാമി ഉമയാൽ ട്രേഡേഴ്സ്<br>15.ശ്രീലക്ഷ്മി വെങ്കടേശ്വര ഹൈജീനിക് ഫുഡ്സ് പ്രൈ.ലിമിറ്റഡ്<br>16.വിനായക എന്റർപ്രൈസസ്<br>17.ബിസ്മി ട്രേഡേഴ്സ്<br>18.കല്ലാർ ട്രേഡിംഗ് കമ്പനി<br>19.കേരളട്രേഡേഴ്സ്<br>20.ഭാരത് ട്രേഡേഴ്സ്<br>21.അരുണാചല ഇംപെക്സ് പ്രൈ.ലിമിറ്റഡ്<br>22.കേരടെക് ഓയിൽ മാനുഫാക്ചറിംഗ് കമ്പനി പ്രൈ.ലിമിറ്റഡ്<br>23.ഷാലിമാർ അസോസിയേറ്റ്സ്<br>24.ത്രിസ്റ്റാർ ക്രിയേഷൻസ്<br>25.ഹഫ്സാർ ട്രേഡിംഗ് കമ്പനി |

| | | | |
|---|---|---|---|
| | | | 26.ജമാൽ ട്രേഡിംഗ് കമ്പനി<br>27.ശ്രീചാമുണ്ഡേശ്വരിറൈസ് ഇൻഡസ്ട്രീസ്<br>28.ശ്രീ.പൂർണ്ണചന്ദ്ര ആന്റ് കമ്പനി<br>29.ആഷിക് ട്രേഡേഴ്സ്<br>30.കേരം ഓയിൽ മിൽസ്<br>31.ശ്രീ.ഗവിസിദ്ധേശ്വർ ട്രേഡേഴ്സ്<br>32.ശ്രീനിവാസൻ ട്രേഡിംഗ് കമ്പനി<br>33.ഫ്രാൻസ്കോ ആഗ്രോ ഫുഡ്സ്<br>34.കാട്ടൂർ എസ്.സി.ബി<br>35.ശ്രീശരവണ ട്രേഡേഴ്സ്<br>36.ശ്രീഭാസ്കർ പൾസസ്<br>37.നോർത്ത് മലബാർ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി<br>38.എലൈറ്റ് ആഗ്രോ സ്പെഷ്യാലിറ്റീസ്<br>39.കേരഫെഡ്<br>40.കല്ലൻക്കുന്ന് എസ്.സി.ബി.<br>41.ശ്രീശബരിവാസൻ ട്രേഡിംഗ് കമ്പനി<br>42.സതീഷ് കുമാർ ആന്റ് ബ്രദേഴ്സ്<br>43.എ.എൽ.എസ്.ആഗ്രോ |
| ബി) | ടെണ്ടറിൽ പങ്കെടുക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ടോ എന്നും എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എന്തെല്ലാം സാധനങ്ങളാണ് വാങ്ങിയത് എന്നും വ്യക്തമാക്കാമോ? | ബി) | കൺസ്യൂമർ ഫെഡ് നടത്തുന്ന ഇ-ടെണ്ടറും N C D E X നടത്തുന്ന ഇ-ഓക്ഷനിലും പങ്കെടുത്ത വിതരണക്കാരിൽ നിന്നും മാത്രമാണ് ഓണ സബ്സിഡിക്കുള്ള സാധനങ്ങൾ വാങ്ങിയത്. |
| സി) | കൺസ്യൂമർഫെഡ് വിതരണം ചെയ്ത സാധനങ്ങളിൽ പലതും ഗുണനിലവാരമില്ലാത്ത താണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സാധനങ്ങളിലാണ് ഗുണനിലവാരമില്ലായ്മ കണ്ടെത്തിയത്; ഈ സാധനങ്ങൾ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്; വ്യക്തമാക്കാമോ; | സി) | കൺസ്യൂമർഫെഡ് വിതരണം നടത്തിയ സാധനങ്ങൾ ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടെത്തിയതായി വിജിലൻസ് അറിയിച്ചിട്ടില്ല |

| | | | |
|---|---|---|---|
| ഡി) | 36,745 ക്വിന്റൽ അരി അധികവില നൽകിയാണ് വാങ്ങിയതെന്ന വാർത്തയിൽ വസ്തുതയുണ്ടോ എന്ന് വ്യക്തമാക്കാമോ; | ഡി) | 36,745 ക്വിന്റൽ അരി ഇ-ടെണ്ടറിലും , ഇ-ഓക്ഷനിലും ക്വോട്ട് ചെയ്ത വിലയ്ക്കാണ് വാങ്ങിയത്. |
| ഇ) | 28.95 രൂപയ്ക്ക് 400 ലോഡ് ജയ അരി നൽകാമെന്ന് ആന്ധ്രയിലെ വിതരണക്കാർ കൺസ്യൂമർഫെഡിനെ അറിയിച്ചിരുന്നോ എന്നും ഇവരിൽ നിന്നും എത്ര അരിയാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ; ഇവരിൽ നിന്നും കുറച്ച് അരി മാത്രം വാങ്ങി ബാക്കി അഞ്ച് വിതരണക്കാരിൽ നിന്നായി 29.85 രൂപയ്ക്ക് 36,745 ക്വിന്റൽ അരി വാങ്ങിയെന്ന വാർത്തയിൽ വസ്തുതയുണ്ടോ എന്ന് വ്യക്തമാക്കാമോ; | ഇ) | 28.95 രൂപയ്ക്ക് 400 ലോഡ് ജയ അരി നൽകാമെന്ന് ആന്ധ്രയിലെ വിതരണക്കാർ അറിയിച്ചിരുന്നു. ഇവരിൽ നിന്നും 21122.28 ക്വിന്റൽ അരി ആണ് വാങ്ങിയിരുന്നത്. ഓണത്തിന് മുമ്പായി പ്രഖ്യാപിച്ച ലോറി സമരം മൂലം അരിയുടെ ലഭ്യതയ്ക്ക് തടസ്സം നേരിടാതിരിക്കുന്നതിനാണ് ടെണ്ടറിൽ പങ്കെടുത്ത മറ്റ് വിതരണക്കാരിൽ നിന്നും അരി വാങ്ങിയത്. |
| എഫ്) | ഇ-ടെണ്ടർ വഴിയാണ് കൺസ്യൂമർഫെഡിൽ സാധനങ്ങൾ വാങ്ങുന്നതെന്നിരിക്കെ ഇ-ടെണ്ടറിലോ ഇ-ലേലത്തിലോ പങ്കെടുക്കാത്ത ഏജൻസിയിൽ നിന്ന് 57 രൂപയ്ക്ക് ചെറുപയർ വാങ്ങികൊണ്ടിരിക്കെ 64.75 രൂപ നൽകി 4228 ക്വിന്റൽ ചെറുപയർ വാങ്ങാനുള്ള സാഹചര്യവും കാരണവും വ്യക്തമാക്കാമോ; | എഫ്) | ചെറുപയറിന് ഇ-ടെണ്ടറിൽ ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തിനാണ് ഓർഡർ നൽകിയത്. ഓണച്ചന്തകൾ നടത്തുന്ന സഹകരണ സംഘങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യേണ്ട സമയത്ത് മാത്രമാണ് ചെറുപയർ ഗോഡൗണുകളിൽ എത്തിയത്. തുടർന്ന് ഗുണനിലവാരം പരിശോധിക്കുന്ന ഏജൻസിയുടെ പരിശോധനയിൽ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നതിനാൽ ചെറുപയർ തിരിച്ച് അയക്കേണ്ടി വന്നു. ഈ അടിയന്തിര സാഹചര്യത്തിലാണ് ടെണ്ടറിലെ ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ ഉയർന്ന വിലയ്ക്ക് ചെറുപയർ വാങ്ങേണ്ടി വന്നത്. |

സെക്ഷൻ ഓഫീസർ